**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2597 13.03.2020-ൽ മറുപടിയ്ക്ക്**

## ടെണ്ടർ നടപടികൾ സുതാര്യമാക്കാൻ സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ സുതാര്യമാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ടെണ്ടർ നടപടികൾ സുതാര്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെയുള്ള കരാറുകാർക്ക് ഓൺലൈനായി ടെണ്ടറുകൾ പരിശോധിക്കുവാനും, സമർപ്പിക്കുവാനും സാധിക്കുന്നുണ്ട്. കൂടാതെ പ്രൈസ് സോഫ്റ്റ് വെയറുമായി ഇ-ടെണ്ടർ പോർട്ടൽ ലിങ്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) എത്ര രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്കാണ് ഇ-ടെണ്ടർ നിർബന്ധമുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക്. |
| (സി) മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും മോണിറ്റർ ചെയ്യാനും സംവിധാനങ്ങൾ കാര്യക്ഷമമാണോയെന്ന് വ്യക്തമാക്കാമോ? | (സി) | ഇ-ടെണ്ടർ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താറുണ്ട്. കൂടാതെ ടെണ്ടർ ഡോക്യുമെന്റിന്റെ ഹാർഡ് കോപ്പിയും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ